"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ, കുറുമാത്തൂർ എന്നി തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കുടുംബശ്രീ പുതുതായി ആരംഭിക്കുന്ന രണ്ട് ബഡ്സ് സ്കൂളുകൾ തുടങ്ങുന്നതിന് "തത്വത്തിൽ" അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1673/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 620/2024/തസ്വഭവ തീയതി 15/03/2024
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24/03/2025-ലെ KSHO/2288/2024-L നമ്പർ കത്ത്.

**ഉത്തരവ്**

2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ 250 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 82 ഡി.പി.ആറുകൾക്ക് തുക അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. കുടുംബശ്രീ പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി കടന്നപ്പള്ളി പാണപ്പുഴ, കുറുമാത്തൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ട് ഡി.പി.ആറുകൾക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശം കത്ത് മുഖേന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ, കുറുമാത്തൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കുടുംബശ്രീ പുതുതായി ആരംഭിക്കുന്ന രണ്ട് ബഡ്സ് സ്കൂളുകൾ തുടങ്ങുന്നതിന് "തത്വത്തിൽ" അനുമതി നൽകി ഉത്തരവാകുന്നു. ഫണ്ട് അനുവദിക്കുന്നതിന് മുൻപ് ചെലവ് സംബന്ധിച്ച വിശദമായ പട്ടിക ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-3/86/2025-FIN dated 19/06/2025 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.1/183/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ